പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 09.7.2013- ൽ മറുപടിക്ക്

നമ്പർ: 6224

## വിവിധ വകുപ്പുകളിലെ അഴിമതി തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഉമ്മർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലെ അഴിമതി തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ; | (എ) അഴിമതി വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥർ മിന്നൽ പരിശോധന നടത്താറുണ്ട്. കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥരെ ട്രാപ്പ് കേസ്സുകളിൽ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നു. ജീവനക്കാരുടെ അഴിമതി സംബന്ധിച്ച് വിജിലൻസ് ബ്യൂറോയിൽ ലഭിക്കുന്ന പരാതികളിൽ കഴമ്പുള്ളവയിൽ വിജിലൻസ് അന്വേഷണം, രഹസ്യാന്വേഷണം, സത്വരാന്വേഷണം തുടങ്ങിയവ നടത്തി അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ (വകുപ്പ് തല നടപടി, അച്ചടക്ക നടപടി, റിക്കവറി, സ്ഥലം മാറ്റം, സസ്പെൻഷൻ തുടങ്ങിയവ) ശുപാർശ ചെയ്ത് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നു. കൂടാതെ പ്രസ്തുത അന്വേഷണങ്ങളിൽ കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വിജിലൻസ് കോടതിയിൽ കുറ്റ വിചാരണ നടത്താറുണ്ട്. സർക്കാരിന് സമർപ്പിക്കുന്ന വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടുകളിൽ വിവിധ വകുപ്പുകളിലെ അഴിമതി തടയുന്നതിന് വേണ്ടി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ഉൾക്കൊള്ളിക്കാറുണ്ട്. സർക്കാർ ഈ റിപ്പോർട്ടുകൾ വിശദമായി പരിശോധിക്കുകയും യുക്തമായ അനന്തര നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. ഇതിന് പുറമേ സംശയത്തിന്റെ നിഴലിലുള്ള ഉദ്യോഗസ്ഥരെ നിരീക്ഷിച്ച് വിജിലൻസ് ഇന്റലിജൻസ് വിംഗ് ഇത് സംബന്ധിച്ച് 'ഡോസിയറുകൾ' തയ്യാറാക്കി നിരീക്ഷണത്തിൽ വയ്ക്കാറുണ്ട്. അഴിമതി സംബന്ധിച്ചുള്ള സോഴ്സ് റിപ്പോർട്ടുകൾ ശേഖരിക്കുകയും അവയിൽ അന്വേഷണ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. |

| | |
|---|---|
| (ബി) ഈ സർക്കാരിന്റെ കാലത്ത് അഴിമതിക്കേസുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിജിലൻസ് കേസുകളിൽ ഉൾപ്പെട്ട 473 ജീവനക്കാരുടെ പേരിൽ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) വകുപ്പ് തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ? | (സി) അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

അനുബന്ധം

| | |
|---|---|
| നാഷണൽ സേവിംഗ്സ് | 8 |
| റവന്യൂ | 38 |
| സഹകരണം | 27 |
| ടൂറിസം | 2 |
| പട്ടികജാതി പട്ടിക വർഗ്ഗ വികസനം | 3 |
| കൃഷി | 35 |
| ആരോഗ്യം | 11 |
| ജലസേചനം | 15 |
| കെ.എസ്.ഇ.ബി | 10 |
| ടാക്സസ് | 8 |
| പൊതുവിതരണം | 19 |
| വനം | 5 |
| ഗ്രാമവികസനം | 31 |
| നിയമം | 1 |
| എക്സൈസ് | 4 |
| വിദ്യാഭ്യാസം | 39 |
| എൽ.എസ്.ജി.ഡി. | 4 |
| ജലവിഭവ വകുപ്പ് | 13 |
| ദേവസ്വം | 9 |

(തുടർച്ച...2)

| | |
|---|---|
| മൃഗസംരക്ഷണം | 1 |
| സാമൂഹ്യക്ഷേമം | 3 |
| കേരള ലാന്റ് ഡെവലപ് മെന്റ് കോർപ്പറേഷൻ | 5 |
| മോട്ടോർ വെഹിക്കിൾസ് | 5 |
| ക്ഷീരവികസനം | 5 |
| രജിസ് ട്രേഷൻ | 6 |
| ഹാർബർ എഞ്ചിനീയറിംഗ് | 1 |
| സർവ്വേ | 2 |
| ട്രാൻസ്പോർട്ട് | 3 |
| മൈനിംഗ് & ജിയോളജി | 3 |
| വ്യവസായം | 2 |
| പൊതുമരാമത്ത് | 27 |
| കെ.എഫ്.സി. | 26 |
| പഞ്ചായത്ത് | 67 |
| പോലീസ് | 8 |
| നഗരകാര്യം | 23 |
| മത്സ്യബന്ധനം | 4 |
| ആകെ | 473 |